# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.41/PR/PIC/PHQ/18 Date : 25.02.2018

---

## തെളിയിക്കപ്പെടാത്ത കേസുകൾ തെളിയിക്കുന്നതിന് പ്രത്യേക സംവിധാനം : സംസ്ഥാന പോലീസ് മേധാവി

സംസ്ഥാനത്ത് നടന്ന ഗുരുതരവും സംഘടിതവുമായ കുറ്റകൃത്യങ്ങളിൽ ഇനിയും തെളിയിക്കപ്പെടാത്തതും പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിയാത്തതുമായ കേസുകളിൽ വേഗം പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് ഊർജ്ജിത നടപടികൾ ആവിഷ്ക്കരിക്കാൻ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ജില്ലാ പോലീസ് മേധാവിമാർക്കും റെഞ്ച് ഐ.ജി.മാർക്കും നിർദ്ദേശം നൽകി.

സംസ്ഥാനത്ത് ഏറെ കോളിളക്കം സൃഷ്ടിച്ചതും ഗുരുതര സ്വഭാവമുള്ളതുമായ കുറ്റകൃത്യങ്ങളിൽ ബഹുഭൂരിപക്ഷവും തെളിയിക്കാനും പ്രതികളെ നിയമത്തിനു മുന്നിലെത്തിക്കാനും കേരള പോലീസിന് കഴിഞ്ഞിട്ടുണ്ട്. കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിലും ശിക്ഷ ഉറപ്പാക്കുന്നതിലും രാജ്യത്തെ തന്നെ മികച്ച റെക്കോഡ് ആണ് കേരള പോലീസിനുള്ളത്. ഇത്തരം നിരവധി കേസുകളിൽ ശാസ്ത്രീയമായ അന്വേഷണത്തിലൂടെ പ്രതികളെ കുടുക്കാനും ഈയിടെയുണ്ടായ ചില കേസുകളിൽ കേരളത്തിന് പുറത്തേക്കും വിദേശത്തേക്കും രക്ഷപ്പെട്ട പ്രതികളെ ഉൾപ്പെടെ അറസ്റ്റ് ചെയ്യാനും കഴിഞ്ഞത് കേരള പോലീസിന്റെ അന്വേഷണ മികവിന് തെളിവാണ്. എന്നാൽ വിവിധ കാരണങ്ങളാൽ തെളിയിക്കപ്പെടാത്തതും പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിയാത്തതുമായ കുറച്ചു കേസുകൾ കൂടി വിവിധ ജില്ലകളിലുണ്ട്. ഇത്തരം കേസുകൾ പ്രത്യേകമായി പരിശോധിച്ച് പ്രതികളെ എത്രയും വേഗം അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാണ് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയത്. ഇത്തരം കേസുകൾ സംബന്ധിച്ച ലിസ്റ്റ് തയ്യാറാക്കി ജില്ലാ പോലീസ് മേധാവിമാർ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തി നടപടി സ്വീകരിക്കണം. ആവശ്യമെങ്കിൽ ഇത്തരം കേസുകളിൽ പ്രത്യേക അന്വേഷണ സംഘത്തിനു രൂപം നൽകണം. ഓരോ റേഞ്ചിലുമുള്ള ഇത്തരം കേസുകൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങളും മേൽനോട്ടവും റേഞ്ച് ഐ.ജി.മാർ നൽകണം. ഈ കേസുകളിൽ സ്വീകരിക്കുന്ന നടപടികൾ ജില്ലാ പോലീസ് മേധാവിമാർ എല്ലാ ദിവസവും സംസ്ഥാന പോലീസ് ആസ്ഥാനത്ത് റിപ്പോർട്ട് ചെയ്യണം.

ഈ കേസുകളുടെ പുരോഗതി പരിശോധിക്കുന്നതിനും കേസുകളിൽ ആവശ്യമായ ഏകോപനത്തിനും സംസ്ഥാന പോലീസ് ആസ്ഥാനത്ത് സംവിധാനമൊരുക്കുമെന്നും സംസ്ഥാന പോലീസ് മേധാവി പറഞ്ഞു.

***********